കില ക്യാമ്പസ് അന്താരാഷ്ട്ര നിലവാരമുള്ള ഉന്നത പഠന, ഗവേഷണ, പരിശീലന, വിജ്ഞാന വിനിമയ അക്കാദമിക് പഠന കേന്ദ്രമാക്കി വികസിപ്പിക്കുക എന്ന ദീർഘ വീക്ഷണത്തിലൂന്നിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണ്. അന്താരാഷ്ട്ര നിലവാരമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകൾ കില ആസ്ഥാനത്ത് ആരംഭിക്കുന്നതിനും ക്യാമ്പസ് പി.ജി. സെന്റർ ആയി ഉയർത്തുന്നതിന്റെ ഭാഗമായി ബിരുദാനന്തര ബിരുദ തലത്തിൽ കേരളത്തിൽ മറ്റ് കോളേജുകളിലോ യൂണിവേഴ്സിറ്റികളിലോ ഇല്ലാത്തതും കാലിക പ്രസക്തിയുള്ളയും പ്രാധാന്യമേറി വരുന്നതുമായ Gender and Development Studies, Rural Development and Governance എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ 18/05/2022 തീയതിയിൽ ചേർന്ന കില ഗവേണിംഗ് കൌൺസിൽ അംഗീകരിച്ചു. അതോടൊപ്പം കില ആസ്ഥാനത്ത് പുതിയ കോളേജ് / കോഴ്സുകൾ തുടങ്ങുന്നതിന് ഭരണമാനുമതി/NOC എന്നിവ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഗവേർണിംഗ് കൌൺസിൽ തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ ഗവേണിംഗ് കൌൺസിൽ ചുമതലപ്പെടുത്തി. ആയത് പ്രകാരം കില ആസ്ഥാനത്ത് പുതിയ കോഴ്സുകൾ/ കോളേജ് തുടങ്ങുന്നതിനായി നടത്തിയ തുടർ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി തത്വത്തിൽ അനുമതിയായിട്ടുണ്ട് എന്നാൽ ഔദ്യോഗിക അറിയിപ്പ് ലഭ്യമായിട്ടില്ല

**മേൽ വിശദാംശം കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു**

**തീരുമാനം**

**കില തൃശ്ശൂർ ക്യാമ്പസിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പുതിയ കോഴ്സുകൾ തുടങ്ങുന്നത് സംബന്ധിച്ച വിഷയം കില എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ചു. ടി വിഷയം എക്സിക്യൂട്ടീവ് കമ്മറ്റി ശുപാർശയോടെ കില ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് തീരുമാനിച്ചു**

## ഐറ്റം നമ്പർ -08

**കില ഡയറക്ടർ ജനറലുടെ നിയമനം - സംബന്ധിച്ച്**

കില ഡയറക്ടർ തസ്തികയുടെ യോഗ്യത സംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ ഉണ്ടായിരുന്നില്ല എന്നതിനാൽ 09/01/2017 ലെ സ.ഉ. (സാധാ) നം. 52/2017/തസ്വഭവ ഉത്തരവ് പ്രകാരം കില ഡയറക്ടറെ തെരഞ്ഞെടുക്കുന്നതിനായി ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്, ഡോ. എസ് മീനാക്ഷി സുന്ദരം (Former Secretary, GoI), പ്രൊഫ ജി പളനിദുരൈ (Head, Dept of Political Science, The Gandhi gram Rural University Chennai) എന്നിവർ അടങ്ങിയ ഒരു കമ്മറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മറ്റി 01/02/2017 ന് ചേർന്ന യോഗത്തിൽ കില ഡയറക്ടറുടെ യോഗ്യത നിശ്ചയിക്കുകയും തുടർന്ന് നിശ്ചിത യോഗ്യതകൾ ഉൾപ്പെടുത്തി 09/02/2017 ലെ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചു. 24/03/2017 ൽ ചേർന്ന യോഗം ലഭിച്ച 17 അപേക്ഷകളിൽ നിന്നും ഇന്റർവ്യൂ നടത്തി ശ്രീ. ജോയ് ഇളമണിനെ കിലയുടെ ഡയറക്ടറായി നിയമിക്കുന്നതിനുള്ള ശുപാർശ ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 05/05/2017 ലെ സ.ഉ. (സാധാ) നം.1445/2017/തസ്വഭവ ഉത്തരവ് പ്രകാരം ശ്രീ. ജോയ് ഇളമണിനെ 3 വർഷക്കാലയളവിലേക്ക് കിലയുടെ ഡയറക്ടറായി നിയമിച്ചു. 19/05/2017 കില ഡയറക്ടറായി ഡോ. ജോയ് ഇളമൺ ചാർജ്ജെടുത്തു.

വിവിധ സെന്ററുകൾ കിലയിലേക്ക് ലയിപ്പിച്ചതിനെ തുടർന്ന് 06/01/2020 തീയതിയിലെ സ.ഉ. (കൈ) നം. 10/2020/തസ്വഭവ ഉത്തരവ് പ്രകാരം കില ഡയറക്ടറുടെ തസ്തിക 'ഡയറക്ടർ ജനറൽ ' എന്നാണ് പുനർനാമകരണം ചെയ്തു.

18/05/2020 തീയതിയിലെ സ.ഉ (സാധാ) നം.909/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. ജോയ് ഇളമണിന്റെ കാലാവധി 19/05/2020 മുതൽ 2 വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായി
18/05/2022 തീയതിയിലെ സ.ഉ (സാധാ) നം.1243/2022/തസ്വഭവ ഉത്തരവ് പ്രകാരം ശ്രീ. ജോയ് ഇളമണിന്റെ സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തവായി

**15.05.2023** ലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം. **1045/2023/LSGD** പ്രകാരം പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമണിന് ചുമതല നൽകി കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്

**മേൽ വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ അറിവിലേക്കും തുടർനിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.**

**തീരുമാനം**

**കിലയിൽ പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതുവരെ നിലവിലുള്ള ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമണിന് 19/05/2023 പൂർവ്വാഹനം മുതൽ കില ഡയറക്ടർ ജനറലിന്റെ ചുമതല നൽകി കാലാവധി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളത് എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് വിലയിരുത്തി. ടി വിഷയം കില ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.**

## ഐറ്റം നമ്പർ - 9

**കിലയിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക- സംബന്ധിച്ച്**

17/11/2021 തീയതിയിലെ ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ച HR പോളിസിയിൽ ഉൾപ്പെട്ടിട്ടുള്ളതും 23/01/2019 തീയതിയിൽ ചേർന്ന കിലയുടെ ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരവും കിലയിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തികയാണ് നിലവിൽ ഉള്ളത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിലെ **01/11/2022** തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ) നം. **2660/2022/LSGD** പ്രകാരം പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറ്കടറുടെ കേഡർ സ്ട്രെംഗ്തിൽ ഉൾപ്പെട്ടതും തൃശ്ശൂർ കിലയിൽ ഉള്ളതുമായ രണ്ട് ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ പൊതുവിഭാഗം പട്ടികയിലേക്ക് ഷിഫ്റ്റ് ചെയ്തുക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. **(അനുബന്ധം - 4) .** ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്

**മേൽ വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി മുൻപാകെ തുടർ നിർദ്ദേശത്തിനായി സമർപ്പിക്കുന്നു.**

**തീരുമാനം**

**ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ പ്രകാരവും HR പോളിസി പ്രകാരവും കിലയിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക മാത്രമാണ് നിലവിൽ ഉള്ളത് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തി. ടി തസ്തിക തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നികത്താവുന്നതാണ് എന്ന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. ടി വിഷയം എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.**

ഐറ്റം നമ്പർ - 10

**കിലയിലെ അസിസ്റ്റന്റ് പ്രൊഫസറുടെ യോഗ്യത സംബന്ധിച്ച്**

17/11/2021 തീയതിയിലെ ഗവേർണിംഗ് കൗൺസിൽ അംഗീകരിച്ച HR പോളിസിയിൽ ഉൾപ്പെട്ട അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ യോഗ്യതാ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയും പിഎച്ച്ഡിയും കമ്പ്യൂട്ടർ പരിജ്ഞാനവും ആണ്. എന്നാൽ 2018 ലെ യു.ജി.സി നോട്ടിഫിക്കേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ യോഗ്യത പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയും NET ഉം ഉൾപ്പെട്ടിട്ടുണ്ട്. യോഗ്യതാ മാനദണ്ഡങ്ങൾ അടങ്ങിയ യു.ജി.സി നോട്ടിഫിക്കേഷൻ **(അനുബന്ധം - 5)** ആയി ഉൾച്ചേർത്തിട്ടുണ്ട്. യോഗ്യത സംബന്ധിച്ച സംക്ഷിപ്ത വിവരം ചുവടെച്ചേർക്കുന്നു

| Qualification as per KILA approved Service Bye law/HR Policy | Qualification as per **UNIVERSITY GRANTS COMMISSION NOTIFICATION on 18/07/2018** |
|---|---|
| Essential Qualification:<br>1. Post Graduate degree from a recognized University (Regular Course)<br>2. PhD in the related area<br>3. Working knowledge in computer.<br>Preferable qualification:<br>Research/Action Research in concerned subject. | 1. A Master's degree with 55% marks (or an equivalent grade in a point-scale wherever the grading system is followed) in a concerned/relevant/allied subject from an Indian University, or an equivalent degree from an accredited foreign university.<br>2. Besides fulfilling the above qualifications, the candidate must have cleared the National Eligibility Test (NET) conducted by the UGC or the CSIR, or a similar test accredited by the UGC, like SLET/SET or who are or have been awarded a Ph. D. Degree in accordance with the University Grants Commission (Minimum Standards and Procedure for Award of M.Phil./Ph.D. Degree) Regulations, 2009 or 2016 and their amendments from time to time as the case may be exempted from NET/SLET/SET. |

**മേൽ വിവരങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കും തുടർനിർദ്ദേശത്തിനുമായി സമർപ്പിക്കുന്നു**

**തീരുമാനം**

**2018 ലെ യു.ജി.സി നോട്ടിഫിക്കേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ അടിസ്ഥാന യോഗ്യതയായി പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയും NET ഉം ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത യോഗ്യതമാനദണ്ഡങ്ങൾ കിലയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികക്ക് കൂടി ബാധമകമാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയത് അംഗീകരിച്ചു. ടി വിഷയം എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശുപാർശയോടെ ഗവേണിംഗ് കൌൺസിൽ മുമ്പാകെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ – 11

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം– KILA– KIIFB project – സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണം – സംബന്ധിച്ച്**

1. <u>ഒരു കോടി വീതം – സ്കൂൾ പദ്ധതി – സ്റ്റാറ്റസ് റിപ്പോർട്ട്</u>

425 സ്കൂളുകളിൽ 390 സ്കൂളുകളുടെ DPR ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. തുടർന്ന് 'സാങ്കേതികാനുമതി സമിതികൾ' 333 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുകയുണ്ടായി. 245 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 230 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. ആയതിൽ 217 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ടി പദ്ധതിയിൽ നാളിതുവരെ 130 സ്കൂൾ പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞു. ടി സ്കൂളുകൾ ബഹു: സർക്കാർ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

| Sl No | District | Total Number of Works | Not Feasible | DPR Approval Pending | DPR Approved by KIIFB | TS Approved | Tendered | Agreement Executed | Work Started | Works Completed |
|---|---|---|---|---|---|---|---|---|---|---|
| 1 | Trivandrum | 55 | 0 | 3 | 52 | 38 | 19 | 18 | 13 | 7 |
| 2 | Kollam | 31 | 2 | 4 | 25 | 20 | 13 | 12 | 12 | 2 |
| 3 | Alappuzha | 24 | 2 | 3 | 19 | 13 | 8 | 5 | 5 | 2 |
| 4 | Pathanathitta | 3 | 0 | 0 | 3 | 2 | 2 | 1 | 1 | 1 |
| 5 | Kottayam | 9 | 0 | 0 | 9 | 8 | 5 | 5 | 4 | 0 |
| 6 | Ernakulam | 25 | 2 | 3 | 20 | 15 | 8 | 7 | 7 | 3 |
| 7 | Idukki | 12 | 0 | 0 | 12 | 10 | 8 | 8 | 8 | 2 |
| 8 | Thrissur | 32 | 0 | 3 | 29 | 24 | 20 | 19 | 19 | 11 |
| 9 | Pallakkad | 36 | 0 | 0 | 36 | 36 | 25 | 25 | 24 | 18 |
| 10 | Mallapuram | 65 | 11 | 7 | 47 | 44 | 36 | 35 | 35 | 29 |
| 11 | Kozhikode | 31 | 0 | 2 | 29 | 22 | 19 | 19 | 17 | 11 |
| 12 | Kannur | 40 | 2 | 6 | 32 | 30 | 26 | 25 | 25 | 21 |
| 13 | Wayyanad | 30 | 0 | 0 | 30 | 28 | 21 | 21 | 20 | 8 |
| 14 | Kasargode | 53 | 2 | 4 | 47 | 43 | 35 | 30 | 27 | 15 |
| | | 446 | 21 | 35 | 390 | 333 | 245 | 230 | 217 | 130 |

2. <u>മൂന്ന് കോടി വീതമുള്ള 200 സ്കൂൾ പദ്ധതികളുടെ നിർമ്മാണം - സ്റ്റാറ്റസ് റിപ്പോർട്ട്</u>

200 സ്കൂളുകളിൽ 158 സ്കൂളുകളുടെ Detailed Project Report (DPR) കിഫ്ബിയിൽ നിന്നും കിലക്ക് ലഭിച്ചിട്ടുണ്ട്. 13/05/2022 -ലെ നം. GO) Rt) No. 2960/2022/GEDN നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 'സാങ്കേതികാനുമതി സമിതികൾ' 125 സ്കൂളുകൾക്ക് സാങ്കേതികാനുമതി നൽകി PED കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. 48 സ്കൂൾ പ്രവർത്തിയുടെ PED ക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായി. തുടർന്ന് 46 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ 23 സ്കൂളുകളുടെ നിർമ്മാണത്തിനായുള്ള കരാറിൽ ഒപ്പുവെച്ചു. ആയതിൽ 17 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**SPV - KILA - STATUS OF 200 SCHOOLS UNDER KIIFB**

| | DISTRICT | Total No. works | DPR Approved by KIIFB | Pending due to corrections | DPR Pending in KIIFB | TS issued | PED Approved bY KIIFB | Tendered | Approved tenders | Agreement executed | Work Started |
|---|---|---|---|---|---|---|---|---|---|---|---|
| 1 | Thiruvananthapuram | 19 | 16 | 0 | 1 | 15 | 8 | 8 | 4 | 2 | 1 |
| 2 | Kollam | 17 | 15 | 5 | 1 | 8 | 3 | 2 | 1 | 1 | 1 |
| 3 | Pathanamthitta | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | Alappuzha | 5 | 3 | 1 | 1 | 2 | 1 | 1 | 1 | 0 | 0 |
| 5 | Kottayam | 1 | 1 | 0 | 0 | 1 | 1 | 0 | 0 | 0 | 0 |
| 6 | Ernakulam | 2 | 0 | 0 | 2 | 0 | 0 | 0 | 0 | 0 | 0 |
| 7 | Idukki | 3 | 1 | 0 | 2 | 0 | 0 | 0 | 0 | 0 | 0 |
| 8 | Thrissur | 5 | 3 | 0 | 2 | 3 | 2 | 2 | 2 | 1 | 1 |
| 9 | Palakkad | 31 | 25 | 2 | 5 | 22 | 7 | 7 | 7 | 5 | 3 |
| 10 | Malappuram | 50 | 45 | 6 | 4 | 35 | 13 | 13 | 13 | 4 | 2 |
| 11 | Kozhikkode | 22 | 15 | 1 | 3 | 10 | 2 | 2 | 2 | 1 | 1 |
| 12 | Wayanad | 4 | 3 | 1 | 0 | 2 | 0 | 0 | 0 | 0 | 0 |
| 13 | Kannur | 24 | 19 | 0 | 2 | 15 | 4 | 4 | 4 | 3 | 3 |
| 14 | Kasaragod | 16 | 12 | 0 | 3 | 12 | 7 | 7 | 7 | 6 | 5 |
| | **TOTAL** | **200** | **158** | **16** | **26** | **125** | **48** | **46** | **41** | **23** | **17** |

**പുതിയ സർക്കാർ ഉത്തരവുകൾ**

- 10/02/2023 -ലെ നം. GO (Rt) No. 1223/2023/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3 സ്കൂളുകളുടെയും 07/06/2023 -ലെ നം. GO (Rt) No. 3322/2023/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 17 സ്കൂളുകളുടെയും 02/06/2023 -ലെ നം. GO (Rt) No. 3199/2023/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 35 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി തുക 1 കോടിയിൽ നിന്നും 1.30 കോടിയായി ഉയർത്തികൊണ്ട് ലഭ്യമായിട്ടുണ്ട്.
- കിഫ്ബിയുടെ 1 കോടി രൂപാ ധനസഹായത്താൽ പൊതു വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ GHSS കാരാപ്പറമ്പ് സ്കൂളിന് പകരം GLPS കാരാപ്പറമ്പ് ഉൾപ്പെടുത്തി ഭരണാനുമതി ഭേദഗതി ചെയ്തുകൊണ്ട് 10/04/2023 -ലെ നം. GO (Rt) No. 2354/2023/GEDN നമ്പർ സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

**കില പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്**

ഒരു കോടി, മൂന്ന് കോടി വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവർത്തികളുടെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി റീജിയൻ / ജില്ലാ അടിസ്ഥാനത്തിൽ കൺസൾട്ടൻസി അടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നു. ജീവനക്കാർ വിടുതൽ ചെയ്ത് ഒഴിവിലേക്ക് പുതിയ ജീവനക്കാരെ കില പി.എം.യു തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും താഴെ സൂചിപ്പിക്കും പ്രകാരം നിയോഗിക്കുകയുണ്ടായി.

| Sl No | Name | Designation | Region / District |
|---|---|---|---|
| 1 | Sri. Ananthu Sreekumar | Engineering Consultant (Civil) | Thiruvananthapuram |
| 2 | Smt. Soumya M | Engineering Consultant (Civil) | Wayanad |
| 3 | Sri. Abdulla Sadiq | Engineering Consultant (Civil) | Malappuram |
| 4 | Sri. Akhil S Kumar | Engineering Consultant (Civil) | Kollam |
| 5 | Sri. Vishnu T | Engineering Consultant (Civil) | Kannur |
| 6 | Sri. Akhil Ghosh | Project Assistant (Technical) | Region III |
| 7 | Sri. Abhijith M | Project Assistant (Technical) | Region I |
| 8 | Smt. Aswathy JB | Project Engineering Consultant (IT) | Region I |
| 9 | Smt. Athira SS | Project Engineering Consultant (IT) | Region II |
| 10 | Smt. Anitha T | Project Engineering Consultant (IT) | Region III |

കില കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, കണ്ണൂർ ജില്ലകളിലെ Project Interns ന്റെ നിലവിലെ ഒഴിവിലേക്ക് കൺസൾട്ടൻസി

അടിസ്ഥാനത്തിൽ താഴെ സൂചിപ്പിക്കുന്ന ഉദ്യോഗാർത്ഥികളെ ASAP നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ നിന്നും നിയോഗിക്കുകയുണ്ടായി.

| Sl No | Name | Designation | Region / District |
|---|---|---|---|
| 1 | Smt. Sreelekshmi S | Engineering Intern | Alappuzha |
| 2 | Smt. Lubna N | Engineering Intern | Kozhikkode |
| 3 | Smt Anagha C | Engineering Intern | Kannur |
| 4 | Smt. Avya Rajeev | Engineering Intern | Wayanad |
| 5 | Sri. Sanal M Raj | Engineering Intern | Malappuram |
| 6 | Smt. Varsha Mohan K | Engineering Intern | Malappuram |
| 7 | Sri. Mohammed Irfan Y | Engineering Intern | Palakkad |

- കില പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിൽ നിലവിൽ ഒഴിവുണ്ടായിരുന്ന റീജിണൽ മാനേജർ (ടെക്നിക്കൽ) (1 nos), മാനേജർ (ടെക്നിക്കൽ) (2 nos), തസ്തികയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 19/12/2022 -ലെ സർക്കാർ ഉത്തരവ് നം. GO (Rt) No. 3139/2022/LSGD പ്രകാരം Smt. Asha V (Asst. Exe. Engineer) യെ മാനേജർ (ടെക്നിക്കൽ) തസ്തികയിലും, 31/03/2023 -ലെ സർക്കാർ ഉത്തരവ് നം. GO (Rt) No. 790/2023/LSGD പ്രകാരം Smt. Chithra U V (Exe. Engineer) യെ റീജിണൽ മാനേജർ (ടെക്നിക്കൽ) തസ്തികയിലും, Sri. Ajay L Hardin (Asst. Exe. Engineer) നെ മാനേജർ (ടെക്നിക്കൽ) തസ്തികയിലും നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.
- കില പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിൽ ചീഫ് മാനേജർ (ടെക്നിക്കൽ) തസ്തികയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചുവന്നിരുന്ന Sri. Anil Kumar R.S 31/03/2023 -ലെ സർക്കാർ ഉത്തരവ് നം. GO (Rt) No. 790/2023/LSGD പ്രകാരം ചീഫ് എഞ്ചിനീയറായി പ്രൊമോഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിടുതൽ ചെയ്യുകയും, ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിങ് എഞ്ചിനീയർ കേഡറിലുള്ള Sri. Subramanian K.C യെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചീഫ് മാനേജർ (ടെക്നിക്കൽ) തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

**കില – കിഫ്ബി സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട മേൽ പ്രവർത്തനങ്ങളും നടപടികളും എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിനും സാധൂകരണത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു**

**തീരുമാനം**

**കില – കിഫ്ബി സ്കൂൾ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രവർത്തനങ്ങളും നടപടികളും എക്സിക്യൂട്ടീവ് കമ്മറ്റി സാധൂകരിച്ച് അംഗീകരിച്ചു**

## ഐറ്റം നമ്പർ - 12

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- KILA- KIIFB project - സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുടെ ടെണ്ടർ - സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നത് - സംബന്ധിച്ച്**

1. 28/09/2020 ന് ചേർന്ന കില എക്സിക്യൂട്ടീവ് കമ്മറ്റി KILA- KIIFB project സ്കൂളുകളുടെ ഭൗതിക വികസന പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും ടി പ്രവർത്തികളുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ് എന്നത് വിലയിരുത്തുകയും ഉണ്ടായി. കില - കിഫ്ബി പ്രൊജക്ടിന്റെ കീഴിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകളുടെ ടെണ്ടറുകൾ വിവിധ ഘട്ടങ്ങളിലായി ക്ഷണിക്കേണ്ടി വരുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളും വിവിധ ഘട്ടങ്ങളിൽ തന്നെ സ്വീകരിക്കേണ്ടി വരുന്നതാണെന്നും വിലയിരുത്തി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കാര്യക്ഷമമായ ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന് വേണ്ടി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചു.

    (1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അല്ലെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രതിനിധി
    (2) ഡയറക്ടർ ജനറൽ, കില
    (3) ചീഫ് മാനേജർ, കില -കിഫ്ബി PMU
    (4) ശ്രീ. എം.വി. രാജൻ, ചീഫ് എൻജിനീയർ (റിട്ട), തദ്ദേശസ്വയംഭണ വകുപ്പ്

കില - കിഫ്ബി പ്രോജക്ടിന്റെ ടെണ്ടറുകളുടെ സ്വീകാര്യത പരിശോധിച്ച് അംഗീകരിക്കേണ്ടതും ആയത് എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും സബ്കമ്മറ്റിയുടെ ചുമതലയാണ് എന്നും തീരുമാനിച്ചു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കില ഡയറക്ടർ ജനറൽ സബ് കമ്മറ്റി രൂപീകരിച്ച് 29/09/2020 തീയതിയിൽ കില 2019/101/6200/HQ)നമ്പർ നടപടിക്രമം കില ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുകയുണ്ടായി.

വാർഷിക അടിസ്ഥാനത്തിൽ കില കിഫ്ബി സ്കൂൾ നിർമ്മാണപ്രവർത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെണ്ടർ/റീ ടെണ്ടർ/quotation ക്ഷണിച്ചുക്കൊണ്ടുള്ള പരസ്യം രണ്ട് പ്രമുഖ മലയാള ദിനപത്രങ്ങളിലും (മാതൃഭൂമി & ദേശാഭിമാനി) ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും (New Indian Express) ഒറ്റത്തവണ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമയാസമയം ടെണ്ടർ/റീ ടെണ്ടർ/quotation വിശദാംശം ടെണ്ടർ വെബ്സൈറ്റ്, കില വെബ്സൈറ്റ് & തദ്ദേശ സ്വയഭരണവകുപ്പിന്റെ വെബ്സൈറ്റ് മുതലായവയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പരിചയ സമ്പന്നരും കേരള പിഡബ്ല്യുഡി, ജലസേചന വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ഐറ്റം റേറ്റ് കോമ്പോസിറ്റ് ദർഘാസുകൾ (സിവിൽ & ഇലക്ട്രിക്കൽ) ആണ് ക്ഷണിച്ചിട്ടുള്ളത്.

| ടെണ്ടർ പരസ്യം ചെയ്ത തീയതി | ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ തുറന്ന തീയതി | അംഗീകരിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ അംഗീകരിച്ച തീയതി |
|---|---|---|---|---|
| CM/KILA-KIIFB PMU/Tender/17/2022-23 dated 17.05.2023 | 9 | 27.05.2023 & 05.06.2023 | 8 | 16.06.2023 |
| CM/KILA-KIIFB PMU/Tender/16/2022-23 dated 30.03.2023 | 21 | 11.05.2023 & 19.05.2023 | 19 | 26.05.2023 |
| CM/KILA-KIIFB PMU/Tender/15/2022-23 dated 30.03.2023 | 8 | 18.04.2023 | 7 | 12.05.2023 |
| CM/KILA-KIIFB PMU/Tender/13/2022-23 dated 17.03.2023 | 22 | 30.03.2023 | 20 | 20.04.2023 |
| CM/KILA-KIIFB PMU/Tender/12/2022-23 dated 17.03.2023 | 2 | 13.02.2023 | 2 | 09.03.2023 |
| CM/KILA-KIIFB PMU/Tender/11/2022-23 dated 01.12.2022 | 2 | 19.12.2023 | 2 | 09.01.2023 |
| CM/KILA-KIIFB PMU/Tender/10 & 9/2022-23 dated 27.09.2022, 14.10.2022 | 10 | 03.11.2022 & 17.10.2022 | 9 | 19.11.2022 |

മേൽനടപടികളുടെ അടിസ്ഥാനത്തിൽ ലഭ്യമായ ഇ-ടെണ്ടറുകളിൽ എല്ലാ റെക്കോർഡുകളും പരിശോധിക്കുന്നതിനായി സബ്കമ്മറ്റി താഴെപ്പറയുന്ന തീയതികളിൽ ചേരുകയുണ്ടായി ആയതിന്റെ മിനിട്സ് അംഗീകാരത്തിനായി താഴെപ്പറയും പ്രകാരം അനുബന്ധമായി ചേർത്തിട്ടുണ്ട്

| Date of Minutes | Remarks |
|---|---|
| 16.06.2023 | അനുബന്ധം – (6) |
| 26.05.2023 | അനുബന്ധം – (7) |
| 12.05.2023 | അനുബന്ധം – (8) |
| 20.04.2023 | അനുബന്ധം – (9) |
| 09.03.2023 | അനുബന്ധം – (10) |
| 09.01.2023 | അനുബന്ധം – (11) |
| 19.11.2022 | അനുബന്ധം – (12) |

സബ്കമ്മറ്റി മിനിറ്റ്സിലെ പ്രസക്ത ഭാഗങ്ങൾ ചുവടെച്ചേർക്കുന്നു.

ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തതും എല്ലാ പ്രമാണങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ളതും, സാധുവായതുമായ എല്ലാ ദർഘാസുകൾ അംഗീകരിക്കുന്നതിനും സാധുവായ ടെൻഡറുകൾ ലഭ്യമല്ലാത്തതും സിംഗിൾ ടെൻഡറുകൾ ലഭ്യമായതുമായ പ്രവർത്തികളുടെ ടെൻഡർ നിരസിച്ച് റീടെൻഡർ ചെയ്യുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

മേൽ ടെൻഡറുകളിൽ കമ്മിറ്റി അംഗീകരിച്ച ഏറ്റവും കുറവ് തുകയ്ക്കുള്ള ടെൻഡറുകൾക്ക് കിഫ്ബിയിൽ നിന്നും ആവശ്യമായ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു.

പ്രവൃത്തികളുടെ tender ചെയ്യുമ്പോൾ single bid ലഭ്യമാവുന്നതും പ്രതികരണം ലഭ്യമല്ലാത്തതുമായ പ്രവൃത്തികൾക്ക് തുടർന്ന് നടത്തുന്ന ടെൻഡറുകളോടൊപ്പം re-tender ചെയ്യുന്നതിന് തടസ്സമില്ലായെന്നും, ഇപ്രകാരം re-tender ചെയ്യുന്നതിന് പ്രത്യേകം കമ്മിറ്റി തീരുമാനം ആവശ്യമില്ലായെന്നും re-tender നുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഇത് ഒരു പൊതു തീരുമാനമായി കണക്കാവുന്നതാണെന്നും Tender Acceptance Committee ഏകകണ്ഠമായി തീരുമാനിച്ചു.

**സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുമായി ബന്ധപ്പെട്ട് സ്വീകരിച്ച മേൽ ടെണ്ടർ നടപടിക്രമങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അറിവിനും സാധൂകരണത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം**

**സ്കൂളുകളുടെ ഭൗതീക വികസന പദ്ധതി നിർവ്വഹണ പ്രവർത്തികളുമായി ബന്ധപ്പെട്ട് സബ് കമ്മറ്റിയുടെ തീരുമാനങ്ങൾ വിശദമായി ചർച്ച ചെയ്തു അംഗീകരിക്കുകയും സബ് കമ്മറ്റിയുടെ അംഗീകാരം ക്രമവൽക്കരിക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു**

ഐറ്റം നമ്പർ - 13

കിലയുമായി ബന്ധപ്പെട്ട് നിലവിൽ കോടതിയിലുള്ള കേസുകൾ സംബന്ധിച്ച് -

| # | Case no. and Petitioner | Details of cases and present status |
|---|---|---|
| A | | **SERVICE RELATED CASES** |
| 1 | WP (c) No. 22209/2022 filed by Dr. J B Rajan and Dr. Abey George filed before High Court | Issued Judgment dated 3.8.2022 in this Writ Petition. The State of Kerala represented by ACS LSGD, KILA represented by DG, EC represented by its Chairman and DG are the respondents in this case.<br>In this order the Ext. P24 (GO (Rt) no. 1445/2022/LSGD dated 14.6.2022 have seen quashed and to issue a new order after hearing the petitioners within a period of 3 months.<br>As per Government direction a selection committee to the Professor was convened on 25.2.2023.<br>It has mentioned in the Minutes of the selection committee held on 25.2.2023 that:<br>*The conditions for promotion of Associate Professor to Professor as per the Regulations are :*<br>*Eligibility:*<br>*1) An Associate Professor who has completed three years of service inAcademic Level 13 A.*<br>*2) A Ph.D degree in the subject concerned/allied/relevant discipline.*<br>*3) A minimum of ten research publications in the peer-reviewed or*<br>*UGC-listed journals out of which three research papers should have beenpublished during the assessment period.*<br>*4) Evidence of having successfully guided doctoral candidate.*<br>*5) A minimum of 110 Research Score as per Appendix II, Table 2.*<br>*The committee observed that while Dr .Rajan met conditions 1, 2 and 4,he has submitted only 7 peer reviewed research publications against the*<br>*minimum 10 required, which disqualify him for consideration to the post of Professor.*<br>Based on the minutes of the selection committee Government issued GO Rt No. 586/2023/LSGD dated 9.3.2023 rejecting the request of Dr. J B Rajan for the post of Professor and complied the Judgment dated 3.8.2022. KILA also given |

| | | |
|---|---|---|
| | | report on a Contempt case no. 66/2023 in in WPC no. 22209/2022 in this case. |
| 2 | WP C No. 34400/2022 filed by KILA Employees Association represented by its President Adv. Biju Varghese before High Court | Against the revision of Service Rules, Service Bye-laws, HR Policy of KILa and MoA approved by the GC dated 16.1.2018. KILA filed counter affidavit in this case. |
| 3 | WP C no. 39914/2022 filed by Sri. Sajan Peter.T before High Court | Challenging Government order GO Rt No. 2653/LSGD dated 1.11.2022 rejecting the Appeal of the Petitioner submitted to the Chairman of EC of KILA regarding the order dated 20.12.2021 of Director General, KILA issued as part of disciplinary proceedings.<br>KILA filed counter affidavit in this case. |
| 4 | WP C no. 12167/2023 filed by Ravisankar and another before High Court | Challenging the Result of the test conducted for the selection for the post of Driver KILA.<br>KILA filed Counter affidavit in this case. |
| B | **AHADS RELATED CASES** | |
| 1 | CP 03/2021 to CP 17/2021 filed by 15 former employees of erstwhile AHDS before Hon. High court. | The petitioners are not regular employees of KILA and claimed back wages. The Project Director AHADS is the 1st Respondent in these cases. KILA is impleaded later as respondent in these cases. Further GoK has also impleaded. The Hon. Labour Court of Kozhikode issued a common order dated 29.3.2022 in these cases (in CP 3/20 to 17/20). The court has directed KILA and Government to pay a sum of Rs. 5,86,850/- each to the Petitioners in the captioned 15 claim petitions within 3 months failing which it carry interest @ 6% per annum from 1.3.2021 till date of realization. The legal opinion of the KILA Advocate in this regard is that the order has to be challenged. Accordingly, KILA has been taken steps to file appeal / Writ Petition before Hon. High Court of Kerala against this order dated 29.3.2022 of Hon. Labour Court Kozhikode. KILA filed 15separate Writ Petitions through KILA Standing Counsel Adv. V.A Muhammed and obtained stay for this Common Judgment dated 29.3.2022 from Hon. High Court of Kerala. |

| C | **LAND ACQUISITION RELATED CASES** | |
|---|---|---|
| | <u>Land Acquisition Appeal cases</u><br>1. I A No. 1/2022 in CRP no. 88 of 2022 before Hon. High Court of Kerala .<br>2. I A No. 1/2022 in CRP no. 93 of 2022 before Hon. High Court of<br>3. I A No. 1/2022 in CRP no. 90 of 2022 before Hon. High Court of Kerala<br>4. I A No. 1/2022 in CRP no. 86 of 2022 before Hon. High Court of Kerala .<br>5. I A No. 1/2022 in CRP no. 89 of 2022 before Hon. High Court of Kerala<br>6. I A No. 1/2022 in CRP no. 91 of 2022 before Hon. High Court of Kerala | In all these cases the Hon. High Court of Kerala has stayed the operation of the order dated 15.12.2021 of the court of Additional Sub Judge II, Thrissur.<br>As per Letter D. No. 5235/2022 DATED 26.10.2022 from 2nd Additional Sub Judge, Thrissur has intimated that KILA was deposited the compensation amount and tax amount before the sub court in case no. LAR 3/10 to 9/2010 through cheque on 27.7.2021and the compensation amount had withdrawn by the claimants in the LAR cases and the Tax amount is still remains in the CCD A/c and this office is responsible for remitting income tax for the claimants. Therefore, it has directed to withdraw the Tax amount from this court and remit in the IT head of A/c in the name of claimants. As per legal opinion of KILA Standing counsel Adv. K B Mohandas, steps are taken to challenge this also along with these appeals. |

## D) കില കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലെ കേസ് വിവരങ്ങൾ

| # | Case Number | Petitioner | School Name | Reason | Status |
|---|---|---|---|---|---|
| 1 | W.P. (C) No. 431/2023 | Sri. Sajeevan K | GHSS Sasthamcotta, Kollam | The petitioner is a B-Class PWD contractor. He is aggrieved by the order passed by the 3rd respondent Chief Manager terminating the contract with the petitioner at his risk and cost despite the fact that for the continuation of the work revised plan and estimate is found necessary and also illegally casting responsibility for continuing the work without revised plan and estimate on the petitioner. | Before the HIGH COURT OF KERALA |
| 2 | W.P. (C) No. 221/2023 | Sri.Sajeeb S | GHSS Sasthamcotta & GHSS Thadiyoor Kollam | The petitioner is also pblic person and is now alarmed by the situation of the GHSS Sasthacotta and GHSS Thadiyoor in Kollam district in which both schools are affected by inadequate class rooms and facilities. The construction of the new buildings of the above said schools are started by demolishing the old building and thereafter constructing some portion of the buildings by the contractor stopped the work incomplete in October 2020. Presently the school is suffered by the shortage of classrooms toilets and kitchen and dining space in the old building is demolished for construction of new building. In the above circumstances the Headmistress and staff sent petition to the Minister of Education to complete the above said work. Even though the news regarding the in completed work and the shortage of facilities of the schools are published newspaper, no action has been taken by the concerned authorities. Hence this writ petition. | Before the HIGH COURT OF KERALA |

| # | Case Number | Petitioner | School Name | Reason | Status |
|---|---|---|---|---|---|
| 3 | WP (C) No. 29962/2022 | Sri. Mohammed Akbar V | GHS Kunissery, Palakkad | The work " KILA-KIIFB : Construction of School Building for GHS Kunissery in Erimayur Grama Panchayath ,Palakkad District " was also included in the above AS list .Immediately after getting the approval of the Detailed Project Report (DPR) of the said work from KIIFB, Technical sanction issued and simultaneously invited competitive composite e-tenders on 09-09-2020 fixed last date of receipt of bid as on 25-09-2020 for the implementation of work without delay. After the scruitinyof qualified bids received for this work, the Tender acceptance committee of PMU held on 01-10-2020 accepted the lowest item rate quoted bid received from the petitioner sri. Mohammed Akbar.V at his quoted amount, which is 7.89 % below Estimate rate. Accordingly, Selection Notice/Letter of Acceptance communicated to the petitioner on 08-10-2020,directed to execute Principal Agreement as per the prevailing rules in force.The Petitioner was executed the Principal agreement with the Chief Manager (Technical) on 05-11-2020 vide Agreement No.22/CL-12/CMPMU/KILA-KIIFB/2020-21 . | Before the HIGH COURT OF KERALA |
| 4 | WP (C) No.29458/2022 | Sri. Mohammed Akbar V | GHS Mudappallur, Palakkad | The work " KILA-KIIFB : Construction of Class room Building for GHS Mudappallur in vandazhy Grama Panchayath ,Palakkad District " was also included in the above AS list .Immediately after getting the approval of the Detailed Project Report (DPR) of the said work from KIIFB, Technical sanction issued and simultaneously invited competitive composite e-tenders on 09-09-2020 fixed last date of receipt of bid as on 25-09-2020 for the implementation of work without delay. After the scruitinyof qualified bids received for this work, the Tender acceptance committee of PMU held on 01-10-2020 accepted the lowest item rate quoted bid received from the petitioner sri. Mohammed Akbar.V at his quoted amount, which is 7.89 % below Estimate rate. Accordingly, Selection Notice/Letter of Acceptance communicated to the petitioner on 09-10-2020,directed to execute Principal | Before the HIGH COURT OF KERALA |

| # | Case Number | Petitioner | School Name | Reason | Status |
|---|---|---|---|---|---|
| | | | | Agreement as per the prevailing rules in force.The Petitioner was executed the Principal agreement with the Chief Manager (Technical) on 05-11-2020 vide Agreement No.23/CL-12/CMPLU/KILA-KIIFB/2020-21 . | |
| 5 | WP (C) No. 30794/2022 | Sri. Mohammed Akbar V | GHS Kallingapadam , Palakkad | The work " KILA-KIIFB : Construction of Class room Building for GHS Kallingapadam in Kannambra Grama Panchayath, Palakkad District " was also included in the above AS list .Immediately after getting the approval of the Detailed Project Report (DPR) of the said work from KIIFB, Technical sanction issued and simultaneously invited competitive composite e-tenders on 09-09-2020 fixed last date of receipt of bid as on 25-09-2020 for the implementation of work without delay. After the scruitinyof qualified bids received for this work, the Tender acceptance committee of PMU held on 01-10-2020 accepted the lowest item rate quoted bid received from the petitioner sri. Mohammed Akbar.V at his quoted amount, which is 7.89 % below Estimate rate. Accordingly, Selection Notice/Letter of Acceptance communicated to the petitioner on 09-10-2020,directed to execute Principal Agreement as per the prevailing rules in force.The Petitioner was executed the Principal agreement with the Chief Manager (Technical) on 05-11-2020 vide Agreement No.21/CL-11/CMPLU/KILA-KIIFB/2020-21 . | Before the HIGH COURT OF KERALA |
| 6 | WP (C) No. 4668/2022 | Sri. Joji JS | TKDM HSS Kadappakkada Kollam | The work stopped due to bore well in the proposed site and on ex cavation of the soil found naural spring and the soil is loose & submit several representation before SE/AEE/AE & KILA PMU pointing in ability to continue construction as per agt., but there is no proper reply from them | Before the HIGH COURT OF KERALA |
| 7 | WP (C) No. 7107/2022 | Sri. Johnsent T | GHSS Keezharoor, Thiruvananthapuram | Part bill payment - delay from LSGD | Before the HIGH COURT OF KERALA |

| # | Case Number | Petitioner | School Name | Reason | Status |
|---|---|---|---|---|---|
| 8 | WP (C) No. 35252/2022 | Sri. Johnsent T | GHS Keezharoor, Thiruananthapuram | The petitioner could not be commenced the work time. The petitioner stated work after the six month from the date of agreement. The first part part of the bill received the petitioner. And the petitioner requested for 30% hike of existing rate. But the KILA PMU replied the demand made by the petitioner against the term and conditions in the agreement hence it cannot be accepted. And the said contractor stopped the work without notice. Hence the informed the contractor the contract has been terminated with the risk and cost of the contractor. | Before the HIGH COURT OF KERALA |

**കിലയിലും പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ടും കിലയിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ച വിശദാംശം കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ അറിവിലേക്കായി സമർപ്പിക്കുന്നു**

**തീരുമാനം**

**കിലയിലും പൊതുവിദ്യാഭ്യാസ സംരക്ഷണവുമായി ബന്ധപ്പെട്ടും കിലയിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ച വിശദാംശം കില എക്സിക്യൂട്ടീവ് കമ്മറ്റി ചർച്ച ചെയ്ത് വിലയിരുത്തി. ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിനും തീരുമാനിച്ചു.**

ഐറ്റം നമ്പർ – 14

**കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് നൽകിയ കെട്ടിടങ്ങൾ – സംബന്ധിച്ച്**

കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നടത്തിപ്പ് ആവശ്യങ്ങൾക്കായി താൽകാലികമായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്നുള്ള കരാർ 30/06/2023 ന് അവസാനിക്കുകയാണ്. ടി സ്കൂൾ നടത്തിപ്പിനായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് വാടകയായി **Square feet** ന് പത്ത് രൂപ നിരക്കിൽ പ്രതിമാസം 1,29,040/- രൂപയാണ്(12904**Sq.ftx**10) വാടകയിനത്തിൽ കിലക്ക് ലഭ്യമാകുന്നത്. നിലവിലുള്ള വാടകയിൽ 10% വർദ്ധനവോടുകൂടി കരാർ പുതുക്കുന്നതിന് സമ്മതമാണെങ്കിൽ ആയതിനുവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറിലേക്ക് 14.06.2023 ലെ 2021/436/**HQ** നമ്പർ കത്ത് മുഖാന്തിരം അറിയിപ്പ് കിലയിൽ നിന്ന് നൽകിയിട്ടുണ്ട്

**കരാർ പുതുക്കി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറക്ക് കരാർ പുതുക്കി നൽകുന്നതിനുള്ള അനുമതിക്കായി കില എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നു.**

**തീരുമാനം**

**കിലയുടെ അഗളി ക്യാമ്പസ്സിൽ ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ നടത്തിപ്പ് ആവശ്യങ്ങൾക്കായി താൽകാലികമായി വിട്ട് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്കുള്ള കരാർ പുതുക്കി നൽകുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി അനുമതി നൽകി. തുടർ നടപടികൾ സ്വീകരിക്കുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി**

ഐറ്റം നമ്പർ –15

**കില – ഭൗതിക സൌകര്യങ്ങളുടെ നിരക്ക് കൂട്ടുന്നത് സംബന്ധിച്ച്**

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കിലയിൽ പരിശീലനത്തിന്റെ ഭാഗമായി മുറികൾ, പരിശീലന ഹാളുകൾ എന്നിവയോടനുബന്ധിച്ച് മറ്റനുബന്ധ സൌകര്യങ്ങളും സജ്ജീകരിക്കേണ്ടതുണ്ട്. പരിശീലത്തിന്റെ ഭാഗമായി റൂമുകളും ഹാളുകളും സജ്ജീകരിക്കുന്നതിലേക്കായി വകയിൽ 29/08/2017 ലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച നിരക്കാണ് നിലവിൽ ഈടാക്കി വരുന്നത്. വൈദ്യുതി, വെള്ളം, മറ്റനുബന്ധ സൌകര്യങ്ങൾ അറ്റക്കുറ്റപ്പണികൾ എന്നിവക്കായി ചെലവഴിക്കുന്ന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കാണ് നിലവിൽ ഈടാക്കിവരുന്നത്. ആയതിനാൽ പുതുക്കിയ നിരക്ക് കിലക്ക് അനുവദിക്കുന്നതിനായി നിലവിൽ ഈടാക്കി വരുന്ന നിരക്ക് സംബന്ധിച്ച വിശദാംശം ചുവടെച്ചേർക്കുന്നു.

| # | Particulars | Existing Rate/day (Rs.) (Approved by Executive Committee held on 29/08/2017) | New Rate/day (Rs.) |
|---|---|---|---|
| I | **Accommodation Facilities** | | |
| | **Sahyadri Guest House** A/c (No. of Rooms: 8) | 1000 | 1500 |
| | **Sahyadri Guest House** Room (Three Beded) - Non A/c - Per Bed No. of Rooms: 48/ Extended Hostel/Other Centres of KILA | 250 | 300 |
| | **Aravally Guest House** -(Twin Sharing) - A/c No. of Rooms: 1 | 1000 | 1500 |
| | **Aravally Guest House** -(Room (Three Beded) - Non A/c- per Bed No. of Rooms: 30 | 250 | 300 |
| | **SAS** Suit - A/c No. of Rooms: 4 | 4000 | 6000 |
| | **SAS** Room -(Twin Sharing) - A/c ( Per Bed Rs.750) No. of Rooms: 26 | 1500 | 2000 |
| II | **Hall Facilities** | | |
| 1) | Mahatma Hall - A/c (Seating Capacity -170) | 7500 | 10000 |
| 2) | Grama Swaraj Hall (Seating Capacity - 150)/ Halls of other Centres | 3000 | 4000 |
| 3) | Ashok Mehta Hall - A/c (Seating Capacity - 40) | | 5000 |
| 4) | Gramodaya Hall - A/c (Seating Capacity - 30) | 4000 | 4500 |
| 5) | Nattukootam Hall -A/c (Seating Capacity -20) | 4000 | 4500 |
| 6) | Gramasabha Hall (Seating Capacity -70) | 2500 | 3000 |
| 7) | Oorukuttam Hall -A/c (Seating Capacity -10) | 4000 | 4000 |
| 8) | Virtual Class Room - A/c (Seating Capacity -40) | | 5000 |
| 9) | Balwant Rai Mehta Hall -A/c (Seating Capacity -25) | 5000 | 6000 |
| 10) | Nagarodaya Hall (Seating Capacity - 75) | 7000 | 8000 |
| 11) | SAS - Conference Hall - A/c (Seating Capacity - 35) | | 7000 |
| 12) | SAS - Mini Conference Hall -A/c (Seating Capacity - 12) | | 4500 |

| | | | |
|---|---|---|---|
| 13) | Computer Lab - A/c (50 Nodes) | 10000 | 14000 |
| 14) | S B Sen Hall -A/c (Seating Capacity -40) | | 5000 |
| 15) | Auditorium | 8000 | 50000 (5000 per hour ) |
| | Administration Charge | 15% of Total Cost | |

മേൽ വിശദാംശം അറിവിനും തീരുമാനത്തിനുമായി സമർപ്പിക്കുന്നതോടൊപ്പം പുതുക്കി ലഭ്യമാക്കുന്ന നിരക്ക് കിലയുടെ മറ്റ് സെന്ററുകളിലും ബാധകമാക്കുന്നതിനുള്ള അനുമതിക്കായി എക്സിക്യൂട്ടീവ് കമ്മറ്റി മുമ്പാകെ തീരുമാനത്തിനായി സമർപ്പിക്കുന്നു

തീരുമാനം

കിലയിലെ ഭൌതിക സൌകര്യങ്ങളുടെ പുതുക്കിയ നിരക്ക് എക്സിക്യൂട്ടീവ് കമ്മറ്റി വിശദമായി ചർച്ച ചെയ്തു. പുതുക്കിയ നിരക്ക് കിലയിലും കിലയുടെ മറ്റ് സെന്ററുകളിലും 2023 ജൂലായ് 1 മുതൽ പ്രാബല്യത്തിലാക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. തുടർനടപടികൾ കൈക്കൊള്ളുന്നതിന് കില ഡയറക്ടർ ജനറലിനെ എക്സിക്യൂട്ടീവ് കമ്മറ്റി ചുമതലപ്പെടുത്തി.

## ഐറ്റം നമ്പർ 16

**ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം നടത്തിയത് – സംബന്ധിച്ച്**

11/03/2020 തീയതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം 09/06/2020 തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം കിലയിലെ ഡ്രൈവർ തസ്തികയിലേക്കുള്ള അപേക്ഷ ക്ഷണിച്ചുക്കൊണ്ടുള്ള പത്രപരസ്യം പ്രമുഖ പത്രങ്ങളിലും കില വെബ്സൈറ്റിലും നൽകിയത് അനുസരിച്ച് 3639 അപേക്ഷകൾ ലഭിച്ചു. ആയതിൽ യോഗ്യത തെളിയിക്കുന്ന റെക്കോർഡുകൾ കിലയുടെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായുള്ള നിർദ്ദേശം നൽകുകയും 1903 അപേക്ഷകൾ ലഭിക്കുകയും ചെയ്തു. ടി അപേക്ഷകളിൽ യോഗ്യരായ 689 ഉദ്യോഗാർത്ഥികൾക്ക് ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന്റെ ആദ്യഘട്ടമായ എഴുത്തുപരീക്ഷ (Centre for Management Development (CMD) മുഖേന 09/01/2021 തീയതിയിൽ നടത്തുകയുണ്ടായി. എഴുത്തുപരീക്ഷയിൽ യോഗ്യത നേടിയ 146 ഉദ്യോഗാർത്ഥികൾക്ക് രണ്ടാം ഘട്ടമായി പ്രാക്ടിക്കൽ ടെസ്റ്റ് 08/02/2021, 09/02/2021, 11/02/2021 എന്നീ തീയതികളിൽ കേരള മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ കിലയുടെ ഗ്രൌണ്ടിൽ നടത്തുകയുണ്ടായി. സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് ഡ്രൈവർ നിയമന നടപടിക്രമങ്ങൾ കില സംഘടിപ്പിച്ചിരുന്നത് എങ്കിലും പ്രാക്ടിക്കൽ ടെസ്റ്റ് നടത്തിയതിൽ പക്ഷപാതപരമായ സമീപനം ഉണ്ടായി എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുവാൻ 17/02/2021 തീയതിയിലെ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു.

മേൽ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് കില സ്വീകരിച്ച താഴെപ്പറയുന്ന നടപടികൾ 20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു

1) 23/01/2019 തീയതിയിൽ ചേർന്ന ഗവേണിംഗ് കൌൺസിൽ യോഗ അംഗീകാര പ്രകാരം കില ആസ്ഥാനത്തെ മൂന്നും, കൊട്ടാരക്കര കില സിഎച്ച്ആർഡി (മുൻ SIRD ) കേന്ദ്രത്തിലെ മൂന്നും ഉൾപ്പെടെ ആകെ 6 ഡ്രൈവർ തസ്തികകളിൽ ഒരു തസ്തിക കില ആസ്ഥാനത്തും ഒരു തസ്തിക കൊട്ടാരക്കര കില സിഎച്ച്ആർഡി (മുൻ SIRD ) കേന്ദ്രത്തിലും നിലനിർത്തിക്കൊണ്ടും ബാക്കി നാല് തസ്തികകൾ സൂപ്പർന്യൂമററി തസ്തികകളായിട്ടുമാണ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ കിലയുടെ വിവിധ ക്യാമ്പസുകളുടെ വിപുലീകരണവും പ്രവർത്തന മേഖലകളിലുള്ള വൈവിധ്യവൽക്കരണവും തുടർന്ന് വരുന്നതിനാൽ ഡ്രൈവർ തസ്തികകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് 20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത തസ്തികകളായ 6 ഡ്രൈവർ തസ്തികകളും നിലനിർത്താൻ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ചു. ആയതിലേക്കാവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതിനും അടിയന്തിരമായി നിയമന നടപടികൾ പൂർത്തീകരിച്ച് ടി തസ്തികയിലേക്കുള്ള നിയമനം നടത്തുന്നതിന് ഗവേണിംഗ് കൌൺസിൽ കില ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തി
2) കിലയിലെ ഡ്രൈവർ തസ്തികയിലേക്ക് 2021 ഫെബ്രുവരിയിൽ നിയമന നടപടിയുടെ ഭാഗമായി പ്രാക്ടിക്കൽ ടെസ്റ്റ് നടത്തിയതിൽ പക്ഷപാതപരമായ സമീപനം ഉണ്ടായി

എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ റദ്ദ് ചെയ്യുവാൻ 17/02/2021 തീയതിയിലെ ഗവേണിംഗ് കൌൺസിൽ തീരുമാനിച്ച വിഷയവും പ്രസ്തുത തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് കില സ്വീകരിച്ച നടപടികൾ 20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

മേൽ പ്രതിപാദിച്ചത് പ്രകാരം സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് ഡ്രൈവർ തസ്തികയിലേക്കുള്ള നിയമന നടപടിക്രമങ്ങൾ കില സംഘടിപ്പിച്ചിരുന്നത് എന്ന് 20/10/2022 തീയതിയിലെ ഗവേണിംഗ് കൌൺസിൽ വിലയിരുത്തി. ഡ്രൈവിംഗ് ടെസ്റ്റിൽ ആണ് പരാതി ഉണ്ടായത്. ആയതിനാൽ പ്രസ്തുത ഡ്രൈവർ തസ്തികയിലേക്കുള്ള പ്രാക്ടിക്കൽ ടെസ്റ്റിന് ക്ഷണിച്ചിരുന്ന 146 ഉദ്യോഗാർത്ഥികൾക്ക് വീണ്ടും പ്രാക്ടിക്കൽ/ഡ്രൈവിംഗ് ടെസ്റ്റ് നടത്തിയതിന് ശേഷം ഇന്റർവ്യൂ നടത്തി വിജ്ഞാപനം നടത്തിയ ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് ഗവേർണിംഗ് കൗൺസിൽ തീരുമാനിച്ചു. ഇതിനായി കില ഡയറക്ടർ ജനറലിനെ ഗവേർണിംഗ് കൗൺസിൽ ചുമതലപ്പെടുത്തി.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 146 ഉദ്യോഗാർത്ഥികൾക്ക് വീണ്ടും പ്രാക്ടിക്കൽ/ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിലേക്കായി അറിയിപ്പ് നൽകുകയും തുടർന്ന് Confirmation സമർപ്പിച്ചവരിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികൾക്കായി 2022 ഡിസംബർ 28,29 തീയതികളിൽ കേരള പോലീസ് അക്കാദമി, തൃശ്ശൂർ ന്റെ Sports Complex Ground (Near Old Quarter Guard) വച്ച് നടത്തുകയും തുടർന്ന പ്രാക്ടിക്കൽ ടെസ്റ്റ് പാസായ ഉദ്യോഗാർത്ഥികളുടെ അഭിമുഖം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ച ശ്രീ റിജോയ് എ ആർ എന്ന ഉദ്യോഗാർത്ഥി 2022 ഡിസംബർ 30 അപരാഹ്നത്തിൽ ഡ്രൈവർ തസ്തികയിൽ കില ഹെഡ്ക്വാർട്ടേഴ്സിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

**മേൽ നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിനും സാധൂകരണത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം**

**കിലയിലെ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിശദായി ചർച്ച ചെയ്തു. ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.**

ഐറ്റം നമ്പർ – 17

**അസിസ്റ്റന്റ് ഡയറക്ടർ, പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ ജനറൽ/ പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി– സംബന്ധിച്ച്**

ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. ബാബു കെ.കെ സർവ്വീസിൽ നിന്നും 28.02.2023 തീയതിയിൽ വിരമിച്ച ഒഴിവിലേയ്ക്ക് സീനിയോറിട്ടി അടിസ്ഥാനത്തിൽ കില ഡയറ്ക്ടർ ജനറലുടെ നടപടിക്രമ പ്രകാരം **(അനുബന്ധം – 13)** സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്

| ക്രമ നം | പേര്, തസ്തിക, ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കേന്ദ്രം | സ്ഥാനക്കയറ്റ പ്രാബല്യ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1. | ശ്രീ. ഉണ്ണികൃഷ്ണൻ കെ.പി പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ ജനറൽ | അസിസ്റ്റന്റ് ഡയറക്ടർ (ഭരണം) | 01.03.2023 FN | Retirement Vanacy of Sri. Babu K. K |
| 2. | ശ്രീ. വിനോദ്.കെ അസിസ്റ്റന്റ് ഗ്രേഡ് II (ഹ.ഗ്രേ) | പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ ജനറൽ കില ഹെഡ് ക്വാർട്ടേഴ്സ് | 01.03.2023 FN | Promotion vacancy of Sl No(1) |
| 3. | ശ്രീമതി. നഫല കെ.എം അസിസ്റ്റന്റ് ഗ്രേഡ് II (ഹ.ഗ്രേ) | പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ കില CHRD, കൊട്ടാരക്കര | 01.03.2023 FN | Promotion Post |

**മേൽ നടപടിക്രമങ്ങൾ കില എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ അറിവിനും സാധൂകരണത്തിനുമായി സമർപ്പിക്കുന്നു.**

**തീരുമാനം**

**അസിസ്റ്റന്റ് ഡയറക്ടർ, പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ ജനറൽ/ പേഴ്സണൽ സെക്രട്ടറി ടു ഡയറക്ടർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി എക്സിക്യൂട്ടീവ് കമ്മറ്റി വിശദായി ചർച്ച ചെയ്തു.**

**കിലയുടെ HR പോളിസിക്ക് സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറക്ക് കിലയിലെ ജീവനക്കാർക്ക് പ്രമോഷൻ നൽകുന്നതിലേക്കായി Screening cum Selection Committee രൂപീകരിക്കുന്നതിനും ജീവനക്കാർക്ക് പ്രമോഷൻ നൽകിയ നടപടി പ്രസ്തുത കമ്മറ്റി മുമ്പാകെ സാധൂകരണത്തിനായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു. ടി വിഷയം ഗവേണിംഗ് കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനിച്ചു.**

## ഐറ്റം നമ്പർ -18

### കില ആസ്ഥാനത്തെ സെക്യൂരിറ്റി സർവീസ് സംബന്ധിച്ച്

13/04/2023 കില എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാന പ്രകാരം All Kerala Ex-servicemen and Security Force Charitable Trust, Guruvayur സെക്യൂരിറ്റി സർവ്വീസിന് നിലവിലുള്ള നിരക്കിൽ തന്നെ മൂന്ന് മാസത്തേക്ക് കരാർ ദീർഘിപ്പിച്ച് നൽകുന്നതിനും സൈനിക ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന KEXCON ന്റെ മാനദണ്ഡ പ്രകാരമാണോ എന്നത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും നിർദേശിച്ചിരുന്നു. ആയത് പ്രകാരം റിപ്പോർട്ട് ചുവടെച്ചേർക്കുന്നു.

- കിലയിൽ പ്രവർത്തിച്ചുവരുന്ന All Kerala Ex-servicemen and Security Force Charitable Trust, Guruvayur സെക്യൂരിറ്റി സർവ്വീസിന് പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസിയായി പ്രവർത്തിക്കുന്നതിനായി കേരള ഹോം ഡിപ്പാർട്മെന്റിൽ നിന്നും ലൈസൻസ് **(അനുബന്ധം -14 )** ലഭ്യമായിട്ടുള്ളതാണ്. ട്രസ്ററായി 2011 ൽ രജിസ്റ്റർ ചെയ്ത ട്രസ്റ്റാധാരപ്രകാരം പേര് "കേരള എക്സ് സർവീസ് മെൻ സെക്യൂരിറ്റി ഫോഴ്സ് ചാരിറ്റബിൾ ട്രസ്റ്റ് " എന്നതാണ്. ഹോം ഡിപാർട്മെന്റ് ലൈസൻസ് പ്രകാരം "ഓൾ കേരള എക്സ് സർവീസ് മെൻ സെക്യൂരിറ്റി ഫോഴ്സ് ചാരിറ്റബിൾ ട്രസ്റ്റ് " എന്നതാണ്.
- കിലയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നതിനായി നിയമിച്ച സെക്യൂരിറ്റി സ്റ്റാഫുകളിൽ മുൻ സൈനികരും സിവിൽ സെക്യൂരിറ്റി ഗാർഡുകളും ഉണ്ടെന്നും , നിലവിലെ സിവിൽ ഗാർഡുകളെ മുഴവൻ മാറ്റി മുൻ സൈനികരെ മാത്രം സെക്യൂരിറ്റി ഗാർഡുകളായി നിയമിക്കുന്നതാണെന്നും നിയമിച്ചിരിക്കുന്ന സെക്യൂരിറ്റി സ്റ്റാഫ് അംഗങ്ങൾ മുൻ സൈനികർ ആണ് എന്നത് സാക്ഷ്യപ്പെടുത്തുന്നതാണെന്നും All Kerala Ex-servicemen and Security Force Charitable Trust 27/06/2023 തിയ്യതിയിലെ കത്തു മുഖേന അറിയിച്ചിട്ടുണ്ട്
- കൂടാതെ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം തന്നെ സെക്യൂരിറ്റി തൊഴിലാളികൾക്ക് ഏജൻസികളിൽ നിന്നും നേരിടേണ്ടി വരുന്ന ചൂഷണം അവസാനിപ്പിക്കുക എന്നതാണ് ഈ ട്രസ്റ്റിന്റെ എല്ലാ ഭാരവാഹികളും സെക്യൂരിറ്റി ജോലി നോക്കി കുടുംബം പുലർത്തുന്നവരാണ് ഒരു രീതിയിലുള്ള ലാഭേച്ഛയും കൂടാതെ സ്ഥാപനം നൽകുന്ന തുക അവരവർ ചെയ്ത ജോലിക്ക് അനുസരിച്ച് വീതിച്ച് അവരുടെ അക്കൗണ്ടിൽ ഇട്ടു കൊടുക്കുക മാത്രമാണ് ട്രസ്റ്റ് ചെയ്യുന്നത്. കേരള ഗവൺമെന്റിന്റെ ഹോം ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുള്ള ലൈസൻസും തൊഴിൽ വകുപ്പിന്റെ നിർദ്ദേശങ്ങളും അനുസരിച്ചാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നതെന്നും കൂടാതെ കേരള സാഹിത്യ അക്കാദമി കേരള സംഗീത നാടക അക്കാദമി, അടാട്ട് ബാങ്ക്, ഉൾപ്പെടെ ഒട്ടനവധി സ്ഥാപനങ്ങളിൽ നല്ല രീതിയിൽ ടി സ്ഥാപനം നിലവിൽ സേവനം നൽകി വരുന്നുണ്ടെന്നും 30/05/2023 ലെ കത്തു മുഖേന All Kerala Ex-servicemen and Security Force Charitable Trust സെക്രട്ടറി അറിയിച്ചിട്ടുണ്ട്

